പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5640

06.07.2012-ൽ മറുപടിയ്ക്ക്

സപ്തധാരാ ടൂറിസം പദ്ധതി

ചോദ്യം
ശ്രീ. പി.ഉബൈദുള്ള

ഉത്തരം
ശ്രീ. എ.പി.അനിൽകുമാർ
(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പു മന്ത്രി).

| | | | |
|---|---|---|---|
| എ) | സപ്തധാര പദ്ധതിയിൽ പ്രഖ്യാപിച്ച ഉത്തരവാദ ടൂറിസം പദ്ധതി എന്തെന്ന് വിശദമാക്കുമോ; | എ) | തദ്ദേശവാസികളുടെ പങ്കാളിത്തത്തോടും അംഗീകാരത്തോടും കൂടി അവർക്ക് സാമ്പത്തിക സാമൂഹിക- പാരിസ്ഥിതിക തലത്തിൽ പ്രയോജനപ്പെടുന്നതിന് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് സാമ്പത്തിക ഉന്നമനത്തിന് ഊന്നൽ നൽകിയും, കുടുംബാംഗങ്ങളെയും വ്യക്തികളേയും ടൂറിസം വ്യവസായത്തിനാവശ്യമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കാനും വിതരണംചെയ്യാനും , പ്രാപ്തരാക്കുകയും സാധാരണ ജനങ്ങൾക്ക് പരമാവധി പ്രയോജനങ്ങൾ ലഭ്യമാക്കുന്നതിനും, സാമൂഹിക-പാരിസ്ഥിതിക തലത്തിൽ ദൂഷ്യഫലങ്ങൾ കുറയ്ക്കുവാനും, സമൂഹത്തിന് പ്രകൃതി , സംസ്കാരം, പാരമ്പര്യം എന്നിവയുമായി പൊരുത്തപ്പെട്ടു ജീവിക്കുവാൻ സാദ്ധ്യമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതുമാണ് ഉത്തരവാദ ടൂറിസം പദ്ധതി കൊണ്ട് വിവക്ഷിക്കുന്നത്. |
| ബി) | പ്രസ്തുത പദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) | ഉണ്ട് |
| സി ) | ഇതിലൂടെ സർക്കാർ വിഭാവനം ചെയ്യുന്ന ടൂറിസം സാധ്യതകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ; | സി ) | സാമൂഹിക-സാമ്പത്തിക പാരിസ്ഥിതിക നേട്ടങ്ങൾ പ്രാദേശിക തലത്തിലും സംസ്ഥാനത്താകെയും പ്രയോജനപ്പെടുന്ന ഒരു മാതൃകാ വിനോദസഞ്ചാര പദ്ധതിയാണ് ഉത്തരവാദിത്ത വിനോദസഞ്ചാരം. ഈ പദ്ധതിയിലൂടെ പരിപാലനം, കാര്യശേഷി വർദ്ധിപ്പിക്കൽ, അടിസ്ഥാന സൗകര്യ വികസനം,വിപണന മാർഗ്ഗങ്ങൾ രൂപപ്പെടുത്തൽ എന്നീ സാധ്യതകളാണുള്ളത്. |
| ഡി ) | പുതുതായി ഏതെല്ലാം കേന്ദ്രങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നതെന്ന് വിശദീകരിക്കുമോ? | ഡി ) | കുമ്പളങ്ങി, ബേക്കൽ , അമ്പലവയൽ എന്നീ കേന്ദ്രങ്ങളിൽ കൂടി വ്യാപിപ്പിക്കുന്നതിന് നടപടികളെടുത്തുവരുന്നു. |

സെക്ഷൻ ഓഫീസർ